# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/151/2017 പത്രക്കുറിപ്പ് 2017 ജൂലായ് 19

**എം. ജി. ബിരുദ ഏകജാലക പ്രവേശനം എസ്.സി/എസ്.ടി മൂന്നാം പ്രത്യേക അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ജൂലായ് 20 മുതൽ 21 വരെ. അലോട്ട്മെന്റ് 24 ന് പ്രസിദ്ധീകരിക്കും.**

എം. ജി സർവ്വകലാശായോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള സ്പെഷ്യൽ അലോട്ട്മെന്റിന് ജൂലായ് 20 മുതൽ 21 വൈകീട്ട് അഞ്ചുമണി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം എസ്. സി/എസ്. ടി അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റുകൾ സംഭവിച്ചിട്ടുങ്കെിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. ഇതുവരെയും രജിസ്റ്റർ ചെയ്യാത്ത എസ്.സി/എസ്.ടി അപേക്ഷകർക്കും പുതുതായി ഫീസടച്ച് സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സെപ്ഷ്യൽ അലേട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ജൂലായ് 24 ന് പ്രസിദ്ധികരിക്കും ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പ്രത്യേക അലോട്ട്മെന്റ് സ്പോട്ട് അലോട്ട്മെന്റല്ല. **പുതുതായി അഫിലിയേഷൻ നൽകപ്പെട്ട എയ്ഡഡ് കോളേജായ മുണ്ടക്കയം ശ്രീ ശബരീശ കോളേജ്, ഉൾപ്പെടെയുള്ള കോളേജുകളിലെ എസ്. സി/എസ്.ടി സീറ്റുകളുലേക്കും മൂന്നാം സ്പെഷ്യൽ അലോട്ട്മെന്റിൽ ഓപ്ഷൻ നൽകാവുന്നതാണ്.**

**അപേക്ഷാതീയതി**

ജൂലായ് 25 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി. പി. ഇ (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകൾക്ക് 2013 - 2014 അഡ്മിഷൻ ബി. പി. ഇ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) വിദ്യാർത്ഥികൾക്ക് ജൂലായ് 22 വരെ പിഴയില്ലാതെ അപേക്ഷിക്കാം.

ആറാം സെമസ്റ്റർ ബി. വോക് (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 3 വരെയും, 50 രൂപ പിഴയോടെ 4 വരെയും, 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പരീക്ഷാ തീയതി**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ നാലാം സെമസ്റ്റർ എം. എഡ് (സി. എസ്. എസ് - 2015 - 17 ബാച്ച്) ഡിഗ്രി എക്സ്റ്റേണൽ പരീക്ഷകൾ ആഗസ്റ്റ് 29, 31 തീയതികളിൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ ജൂലായ് 26 വരെയും, 50 രൂപ പിഴയോടെ 31 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ, പ്രോജക്റ്റ് ഇവാല്യൂവേഷൻ**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. കംപ്യൂട്ടർ സയൻസ് (സി. എസ്. എസ് 2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ 25, 26 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ ബി. ബി. എ (ഓഫ് കാമ്പസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്റ്റ് മൂല്യനിർണയം ജൂലായ് 24 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. കോം സൂക്ഷ്മ പരിശോധന**

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. കോം (സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ജൂലായ് 21, 22 തീയതികളിൽ ഹാൾടിക്കറ്റോ, തിരിച്ചറിയിൽ രേഖയോ സഹിതം പരീക്ഷാ ഭവനിലെ 226-ാം മുറിയിൽ ഹാജരാകണം.

**പരീക്ഷാഫലം**

ഇടപ്പള്ളി സ്റ്റാസ്, പുല്ലരിക്കുന്ന് സ്റ്റാസ്, വെച്ചൂചിറ വിശ്വബ്രാഹ്മണ കോളേജ് എന്നീ കേന്ദ്രങ്ങളിൽ 2015 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി. എസ്‌സി. സൈബർ ഫോറൻസിക് (മോഡൽ 3 - സി. ബി. സി. എസ്. എസ് - 2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ റീ അപ്പിയറൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 1 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. പോളിമർ കെമിസ്ട്രി (സി. എസ്. എസ് റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 2 വരെ സ്വീകരിക്കും.

**സംവരണ സീറ്റൊഴിവ് (ദയവായി എല്ലാ എഡിഷനുകളിലും)**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ, എം. എ.പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് പ്രോഗ്രാമിന് എസ്. സി. വിഭാഗത്തിന് 2 സീറ്റും എസ്.റ്റി വിഭാഗത്തിന് 1 സീറ്റും, എം. എ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് പ്രോഗ്രാമിന് എസ്. സി. വിഭാഗത്തിനും എസ്.റ്റി വിഭാഗത്തിനും ഓരോ സീറ്റുവീതവും ഒഴിവുണ്ട്. ബിരുദവും, CAT പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുമുള്ള വിദ്യാർത്ഥികൾ ജൂലായ് 24 ന് രാവിലെ 10 മണിക്ക് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്കൂൾ ഡയറക്ടർ മുമ്പാകെ ഹാജരാകണം. ഫോൺ : 9495 108 959.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**